ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, ഗഫൂർ ജോലി ചെയ്യുന്ന ഗവൺമെൻറ് സർവ്വീസിലുള്ള ആളുകൾക്ക് 10 കൊല്ലമാണ് ഇപ്പോൾ അവധി കൊടുക്കുന്നത്. അത് 15 കൊല്ലമാക്കി ഉയർത്താൻ ദയവുണ്ടോകുമോ ?

ശ്രീ. കെ. കരുണാകരൻ: അഞ്ചുകൊല്ലവും പത്തുകൊല്ലവും അവധി കൊടുത്ത ആളുകൾതന്നെ അവധി മുഴുവനും അവെയിൽ ചെയ്യാതെ തിരിച്ചു വരുന്നതായിട്ട് കാണുന്നുണ്ട്.

## IV സബ്മിഷൻ

### (1) വാട്ടർ സപ്ലൈ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് കോൺട്രിബ്യൂഷൻ

ശ്രീ. കെ. ശങ്കരനാരായണപിള്ള : സർ, നഗരപ്രദേശങ്ങളിൽ വാട്ടർ സപ്ലൈയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾ കോൺട്രിബ്യൂഷൻ നൽകണമെന്ന വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം പാവപ്പെട്ടവരേയും സാധാരണക്കാരേയും വളരെയധികം ബുദ്ധിമുട്ടിക്കുകയാണ്. റൂറൽ വാട്ടർ സപ്ലൈക്ക് മുൻഗണന കൊടുത്താൽ മതിയെന്ന കേന്ദ്ര നിർദ്ദേശത്തിൻെറ പശ്ചാത്തലത്തിലാണ് പണമില്ലെന്ന കാരണം പറഞ്ഞുകൊണ്ട് ഈ തീരുമാനമെടുക്കുന്നത്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട തൃക്കണ്ണാപുരം, മുടവൻമുകൾ തുടങ്ങിയ പ്രദേശങ്ങളിൽ നാമമാത്രമായി മാത്രമേ വാട്ടർസപ്ലൈ ഉള്ളൂ. പല പ്രദേശങ്ങളിലും ഇനി വാട്ടർ സപ്ലൈ കടന്നു ചെല്ലണം. അവിടെ ടെണ്ടർ ചെയ്ത ചില പണികൾപോലും ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. സിറിയിലാണെങ്കിൽപ്പോലും ഈ പാവപ്പെട്ട ആളുകൾ താമസിക്കുന്ന പ്രദേശങ്ങളിൽ കോൺട്രിബ്യൂഷൻ നൽകണം അല്ലെങ്കിൽ ചെലവുനൽകണമെന്നു പറഞ്ഞാൽ അവർക്കു സാദ്ധ്യമല്ലെന്നുള്ളതുകൊണ്ട് ഈ ദുരവസ്ഥയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, അത് തീർച്ചയായിട്ടും ഒരു നല്ല കാര്യമാണ്. പക്ഷേ അതോറിട്ടിയെ സംബന്ധിച്ചിടത്തോളം ഇതിന് നീക്കിവച്ചിട്ടുള്ള ഇക്കൊല്ലത്തെ തുക ശുദ്ധ ജല വിതരണപദ്ധതികളുടെ വിതരണശൃംഖലകളുടെ അറകുറപ്പണികൾക്കായി നീക്കിവച്ചിട്ടുള്ള തുക, ശമ്പളം, അറകുറപ്പണികൾക്കുള്ള സാധനങ്ങളുടെ പണിക്കൂലി, ഇതിനോടനുബന്ധിച്ചുള്ള മറ്റു ചെലവുകൾ എന്നിവയ്ക്കുതന്നെ അപര്യാപ്തമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ആവശ്യമുള്ള മെയിൻ എക്സ്റ്റൻഷൻ ജോലികൾ അത്യാവശ്യമായി പുതുതായി പൈപ്പ് ലൈനുകൾ നീട്ടിക്കൊടുക്കുന്ന ജോലികൾ ഇവിടെ ഏറെറടുക്കാൻ ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഇങ്ങനെ ഒരു ഡിപ്പോസിറ്റ് സ്കീം ഏർപ്പെടുത്തുന്നകാര്യം ബോർഡിൻെറ പരിഗണനയിലുണ്ട്. അത് കർശനമായി മാൻഡേറ്ററിയായി ഇതുവരെയും എൻഫോഴ്സ് ചെയ്തിട്ടില്ല. അതുകൊണ്ട് കൂടുതൽ സ്ഥലത്തേക്ക് പൈപ്പ്ലൈൻ വേണമെങ്കിൽ ഡിപ്പോസിറ്റ് കൊടുത്താൽ കൊള്ളാം. അല്ലെങ്കിൽ കഴിവില്ല. കഴിവില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ആ ബോർഡിനോട് എല്ലായിടത്തോട്ടും പൈപ്പ്‌ലൈൻ നീട്ടിത്തരണമെന്നു പറയുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല. പ്രായോഗികമായി പറയുമ്പോൾ നമുക്ക് അതിനു ബുദ്ധിമുട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. എവിടെയെങ്കിലും അത്യാവശ്യമുണ്ടെങ്കിൽ ബുദ്ധിമുട്ടിനിടയിലും എന്തെങ്കിലും നീക്കുപോക്കുകളുണ്ടോയെന്ന് തീർച്ചയായും ഞാൻ പരിശോധിക്കാം. ആ നിലയിൽ സഹായകരമായിട്ടുള്ള ഒരു നിലപാട് ഞാൻ എടുക്കാം.

## (2) പൂട്ടിക്കിടക്കുന്ന റൂബി റബ്ബർ വർക്സ്

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരിയിലെ റൂബി റബ്ബർ ഫാക്ടറിയുടെ കാര്യംതന്നെ പറയാനാണ് ഞാൻ വീണ്ടും എഴുന്നേറ്റു നിൽക്കുന്നത്. ഇന്നലെ സഭയിൽ സംസാരിച്ച പല മെമ്പർമാരും അക്കാര്യം സൂചിപ്പിച്ചു. അഞ്ഞൂറിൽപ്പരം തൊഴിലാളി കുടുംബങ്ങൾ രണ്ടുവർഷത്തോളമായി പട്ടിണിയിലായിരിക്കുകയാണ്. ഇപ്പോൾ നിയമസഭ സമ്മേളനം നടക്കുന്ന ഈ സമയത്ത് അതുസംബന്ധിച്ച് ഒരു ഹൈലെവൽ കോൺഫറൻസ് നടത്താൻ തയ്യാറാകണം. അങ്ങനെ ഒരു പ്രൊപ്പോസൽ ഇപ്പോഴുണ്ടായിട്ടുണ്ടെന്നാണ് ഞാനറിയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പങ്കെടുക്കത്തക്ക ഒരു കോൺഫറൻസിന് വ്യവസായ വകുപ്പ് താല്പര്യപൂർവ്വം ആഗ്രഹിക്കുന്നുവെന്നു കേൾക്കുന്നു. ഞങ്ങൾ എം.എൽ.എ.മാരിൽ നാലുപേർ അവിടത്തെ യൂണിയനുകളിലെ പ്രസിഡൻറുമാർ ഇവിടെത്തന്നെയുണ്ട്. അതുകൊണ്ട് ഈ സമയത്തുതന്നെ അടിയന്തിരമായി കോൺഫറൻസ് വിളിച്ചുകൂട്ടാൻ തയ്യാറാകണം. ഗവൺമെൻറിലേക്ക് ഏതൊക്കെയോ പദ്ധതികൾ കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അത് കഴിയുമെങ്കിൽ ഗവൺമെൻറ് ഏറ്റെടുക്കുക. ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ കുറെ സഹായങ്ങൾ ഗവൺമെൻറ് ചെയ്തുകൊടുത്താൽ മതി. റൂബി റബ്ബർ ഫാക്ടറിയിൽനിന്നു രണ്ടു കൊല്ലം കൊണ്ട് സെയിൽസ്ടാക്സ് ഇനത്തിൽ കിട്ടുന്ന പണംതന്നെ അങ്ങോട്ടു സഹായിച്ചാൽ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ഈ പ്രശ്നം പരിഹരിക്കും; റൂബി റബ്ബർ ഫാക്ടറി തുറക്കാൻ സാധിക്കും. അടിയന്തിരമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു ഹൈ ലെവൽ കോൺഫറൻസ് വിളിച്ചുകൂട്ടാൻ മുൻകൈയെടുക്കണമെന്ന് പ്രത്യേകമായി ഞാൻ അപേക്ഷിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഇത് ഈ സഭയിൽ ഒന്നു രണ്ടു തവണ ഞാൻ പറഞ്ഞതാണ്. ഇതിനുള്ള കൂടിയാലോചനകൾ വളരെ ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇത് ഏറ്റെടുക്കാമെന്നു പറഞ്ഞ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഗവൺമെൻറ് 170 ലക്ഷം രൂപ പലിശയില്ലാതെ ഗ്രാൻറായിട്ട് നൽകണമെന്നു പറഞ്ഞാൽ പെട്ടെന്ന് ഗവൺമെൻറിന് സ്വീകരിക്കാൻ സാധിക്കുകയില്ല. അങ്ങനെയാണെങ്കിൽ ധാരാളം കമ്പനികൾ അത് ഏറ്റെടുക്കാൻ തയ്യാറാണ്. അതല്ലാതെ മറ്റു കൺസഷൻസ് ഗവൺമെൻറ് കൊടുത്തുകൊണ്ട് എങ്ങനെ നടത്താമെന്നതിനെ സംബന്ധിച്ചും കെ.എസ്.ഐ.ഡി.സി.യുടെ ലെവലിൽതന്നെ ചർച്ചകൾ നടത്തിവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം കണക്കിലെടുത്തുകൊണ്ട് അക്കാര്യം മുഖ്യമന്ത്രിയുമായി ഞാൻ കൂടിയാലോചിച്ച് നടപടികളെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly